സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 263 2025 ഫെബ്രുവരി 14 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

വായ്പ തിരിച്ചടവ് തെറ്റിയത് ചോദിച്ച് വീട്ടിലെത്തിയ മുത്തൂറ്റ് ജീവനക്കാരിക്ക് നേരെ ആക്രമണം

കോഴിക്കോട്: ഓർക്കാട്ടേരിയിൽ മുത്തൂറ്റ് ശാഖ ജീവനക്കാരിക്ക് നേരെ ക്രൂരമർദ്ദനം. വടകര ശാഖയിലെ കളക്ഷൻ ഏജന്റും മട്ടന്നൂർ സ്വദേശിയുമായ യുവതിയെയാണ് ഓർക്കാട്ടേരി സ്വദേശി കുന്നത്ത് മീത്തൽ ബിജീഷ് ആക്രമിച്ചത്. ബുധനാഴ്ച വൈകിട്ടാണ് സംഭവം. സ്കൂട്ടറിന്റെ വായ്പ തിരിച്ചടവ് തെറ്റിയതിനാൽ പണം അടക്കാൻ ആവശ്യപ്പെട്ട് വീട്ടിലെത്തിയ യുവതിയെ മുടിയിൽ പിടിച്ച് കറക്കി പറമ്പിലേക്ക് തള്ളി മർദ്ദിക്കുകയായിരുന്നു. വീഡിയോ സഹിതം യുവതി പോലീസിൽ പരാതി നൽകിയതിനെത്തുടർന്ന് ബിജീഷിനെതിരെ വടകര പൊലീസ് കേസെടുത്തു. സ്ത്രീത്വത്തെ അപമാനിച്ചതിനും അക്രമിച്ചതിനുമാണ് പൊലീസ് കേസെടുത്തത്.

ട്രംപിന്റെ 'മാഗ', മോദിയുടെ 'മിഗ'; ഞങ്ങളുടെ ലക്ഷ്യം

'മെഗാ പാർട്ണർഷിപ്പ്'ന് പ്രധാനമന്ത്രി

വാഷിങ്ടൺ: ഇന്ത്യയെ വീണ്ടും മഹത്തരമാക്കാൻ ദൃഢനിശ്ചയമെടുത്തുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ട്രംപിന്റെ തിരഞ്ഞെടുപ്പ് വാഗ്ദാനമായ 'മെയ്ക്ക് അമേരിക്ക ഗ്രേറ്റ് എഗെയിൻ'(മാഗ)യ്ക്ക് സമാനമായി 'മെയ്ക്ക് ഇന്ത്യ ഗ്രേറ്റ് എഗെയിൻ'(മിഗ) എന്ന് പറഞ്ഞുകൊണ്ടായിരുന്നു മോദിയുടെ പ്രസ്താവന.

ഇന്ത്യയെ മഹത്തരമാക്കാൻ താൻ ദൃഢനിശ്ചയമെടുത്തുവെന്ന് മോദി പറഞ്ഞു. ട്രംപിന്റെ 'മാഗ'യും ഇന്ത്യയുടെ 'മിഗ'യും ചേർന്ന് ഒരു 'മെഗാ പാർട്ണർഷിപ്പ്' ആണ് തങ്ങൾ ലക്ഷ്യമിടുന്നതെന്നും മോദി ചൂണ്ടിക്കാട്ടി. അമേരിക്കൻ സന്ദർശനത്തിനെത്തിയ മോദി, ട്രംപുമായി കൂടിക്കാഴ്ച നടത്തിയ ശേഷമുള്ള സംയുക്ത വാർത്താസമ്മേളനത്തിലായിരുന്നു പ്രസ്താവന. മോദി ഇത് എക്സ്പോസ്റ്റിലൂടെ പങ്കുവെച്ചിട്ടുണ്ട്.

'പ്രിയപ്പെട്ട സുഹൃത്തെ'ന്ന് അഭിസംബോധന ചെയ്ത് ആലിംഗനം ചെയ്തായിരുന്നു മോദിയെ ട്രംപ് വൈറ്റ്ഹൗസിൽ സ്വീകരിച്ചത്. തുടർന്ന് ഇരുനേതാക്കളും പരസ്പരം കൂടിക്കാഴ്ച നടത്തുകയും ചെയ്തു. ഇറക്കുമതി തീരുവ, പ്രതിരോധ മേഖലയിലെ സഹകരണം എന്നിവയിലെല്ലാം നേതാക്കൾ തമ്മിൽ ചർച്ച നടന്നു.

അമേരിക്കയിലെ ജനങ്ങൾക്ക് ട്രംപിന്റെ മാഗ(മെയ്ക്ക് അമേരിക്ക ഗ്രെയ്റ്റ് എഗെയിൻ) കാഴ്ചപ്പാടിനെ കുറിച്ച് നല്ല ബോധ്യമുണ്ട്. അതുപോലെതന്നെയാണ് ഇന്ത്യയിലെ ജനങ്ങൾ വികസിത് ഭാരത് 2047–നെ നോക്കിക്കാണുന്നത്. അതിനായി ഒരുമിച്ച് പ്രവർത്തിക്കാമെന്നും മിഗാ(മെയ്ക്ക് ഇന്ത്യാ ഗ്രെയ്റ്റ് എഗെയിൻ) കാഴ്ചപ്പാടുമായി മുന്നോട്ടു പോവാമെന്നും മോദി പറഞ്ഞു.

2030 ഓടെ 500 ബില്ല്യൺ യു.എസ് ഡോളറിന്റെ ഉഭയകക്ഷി വ്യാപാരമാണ് ലക്ഷ്യമിടുന്നതെന്നും ഇരുനേതാക്കളും പറഞ്ഞു. ഉപഭയകക്ഷി വ്യാപാരം വർധിപ്പിക്കാൻ ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. ഇരുരാജ്യങ്ങൾക്കും പ്രയോജനകരമായ വ്യാപാര കരാറിനാണ് ലക്ഷ്യമിടുന്നത്. ഞങ്ങളുടെ ടീം ഇത് സംബന്ധിച്ച് ഉടൻ അന്തിമ തീരുമാനമെടുക്കുമെന്നും നേതാക്കൾ വ്യക്തമാക്കി.

ഇന്ത്യയുടെ ഊർജസുരക്ഷ ഉറപ്പാക്കാൻ എണ്ണ വ്യാപാരം ശക്തിപ്പെടുത്തും. ഊർജമേഖലയിൽ നിക്ഷേപം വർധിച്ചിട്ടുണ്ട്. അതിന് അനുസൃതമായ നടപടികളും കൈക്കൊള്ളുമെന്ന് മോദി പറഞ്ഞു.

മുറിവേറ്റ ആനയെ കൂട്ടിലാക്കരുത്

ചാലക്കുടി: അതിരപ്പിള്ളിയിൽ മസ്തകത്തിൽ മുറിവേറ്റ ആനയെ കൂട്ടിലാക്കരുതെന്ന് ഡോക്ടർമാർ. 'ആനയുടെ ആരോഗ്യനില മോശം; മയക്കുവെടി വയ്ക്കുന്നത് അപകടകരം'. 'കൂട്ടിൽ നിന്ന് ആന പുറത്തു കടക്കാൻ ശ്രമിക്കുന്നത് മുറിവ് രൂക്ഷമാക്കും' ഡോക്ടർ അരുൺ സക്കറിയ ഇന്ന് അതിരപ്പിള്ളിയിലെത്തും.

പലിശക്കാർ മർദ്ദിച്ചതായി പരാതി

അരിമ്പൂർ: വായ്പാ തിരിച്ചടവ് മുടങ്ങിയതിന്റെ പേരിൽ കുന്നത്തങ്ങാടിയിൽ തട്ടുകട ഉടമയ്ക്ക് മർദ്ദനം. അരിമ്പൂർ പഞ്ചായത്ത് മുൻ വൈസ് പ്രസിഡന്റ് സതീഷിന് പരിക്ക്.

കൊലപാതകമെന്ന് സ്ഥിരീകരണം

തൃശൂർ: തൃശൂരിൽ വർക്ക്ഷോപ്പ് ജീവനക്കാരൻ സന്തോഷിന്റെ മരണം കൊലപാതകമെന്ന് സ്ഥിരീകരണം.തൃശൂർ സ്വദേശി വിനയൻ കസ്റ്റഡിയിൽ.

സിനിമാക്കാർ സമരത്തിലേക്ക് പോകേണ്ടതില്ല; സുരേഷ്കുമാറിന്റെ കത്ത് ലഭിച്ചിരുന്നു: മന്ത്രി സജി



കൊച്ചി: സിനിമാ നിർമാതാക്കൾ സമരത്തിലേക്ക് പോകേണ്ട സാഹചര്യമില്ലെന്ന് സാംസ്കാരിക വകുപ്പു മന്ത്രി സജി ചെറിയാൻ.

സിനിമാരംഗത്തെ പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ച് നിർമാതാവ് ജി. സുരേഷ്കുമാറിന്റെ കത്ത് ലഭിച്ചതായും മന്ത്രി പ്രതികരിച്ചു. നടനും നിർമാതാവുമായ ആന്റണി പെരുമ്പാവൂരിന്റെ ഫെയ്സ് ബുക് പോസ്റ്റിന് പിന്നാലെയായിരുന്നു മന്ത്രിയുടെ പ്രതികരണം.

'3 കാര്യങ്ങൾ ആവശ്യപ്പെട്ട് ഒരു കത്ത് സുരേഷ്കുമാർ തന്നിരുന്നു. അത് പരിശോധിക്കാനായി അധികൃതർക്ക് കൈമാറിയിട്ടുണ്ട്. ജി.എസ്.ടി.യുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഒന്ന്. അത് കൈകാര്യം ചെയ്യേണ്ടത് ധനകാര്യവകുപ്പാണ്. അത് അവരുടെ ശ്രദ്ധയിൽപ്പെടുത്താൻ കഴിയും. മറ്റ് രണ്ടുകാര്യങ്ങൾ സിനിമയുമായി ബന്ധപ്പെട്ടതാണ്'. അത് വകുപ്പുതലത്തിൽ ചർച്ച ചെയ്ത് വേണ്ട നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

സമരത്തിന് ആധാരമായ വിഷയങ്ങൾ എന്താണെന്ന് ബോധ്യപ്പെട്ടുവരുന്നതേയുള്ളൂ. സിനിമാക്കാർ സമരത്തിലേക്ക് പോകേണ്ട വിഷയമൊന്നുമില്ല. അവർ തമ്മിൽ പ്രശ്നമുണ്ടെങ്കിൽ അവർ തന്നെ പരിഹരിക്കട്ടെ. പല സിനിമകളും ലാഭകരമായിത്തന്നെയാണ് മുന്നോട്ടുപോകുന്നതെന്നും അദ്ദേഹം അറിയിച്ചു.

നിലവിലെ സാഹചര്യത്തിൽ സംഘടനകൾ സമരവുമായി മുന്നോട്ടുപോകാനുള്ള സാധ്യതയില്ല. ഫെഫ്ക ഉൾപ്പെടെയുള്ള സംഘടനകളുടെ പൂർണ പിന്തുണ ലഭിച്ചെങ്കിൽ മാത്രമേ സമരം മുന്നോട്ടുപോകൂ. സമരവുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയിച്ചില്ല എന്ന വിമർശനങ്ങൾ കഴിഞ്ഞദിവസം ആന്റണി പെരുമ്പാവൂർ ഉൾപ്പെടെ ഉന്നയിച്ചിരുന്നു. പൃഥ്വിരാജ് ഉൾപ്പെടെയുള്ളവർ ഇതിനെ പിന്തുണയ്ക്കുകയും ചെയ്തു.

സഹപാഠിയായ പെൺകുട്ടിയെ വീട്ടിലെത്തിച്ച് പീഡിപ്പിച്ചു, പ്ലസ് ടു വിദ്യാർത്ഥി അറസ്റ്റിൽ

ആലപ്പുഴ: സഹപാഠിയായ പെൺകുട്ടിയെ വീട്ടിലെത്തിച്ച് പീഡിപ്പിച്ച പ്ലസ് ടു വിദ്യാർത്ഥി അറസ്റ്റിലായി. എ എൻ പുരം സ്വദേശി ശ്രീശങ്കറാണ് (18) അറസ്റ്റിലായത്. അസൈൻമെന്റ് എഴുതാൻ സഹായിക്കണമെന്ന് ആവശ്യപ്പെട്ടാണ് ശ്രീശങ്കർ 16കാരിയെ വീട്ടിലെത്തിച്ചത്. ഇത് ശ്രദ്ധയിൽപ്പെട്ട നാട്ടുകാരാണ് പൊലീസിനെ വിവരം അറിയിച്ചത്. കഴിഞ്ഞ ദിവസമായിരുന്നു സംഭവം.

മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കിയതിനുശേഷമാണ് പ്രതിക്കെതിരെ പൊലീസ് പോക്സോ കേസ് ചുമത്തിയത്. മാസങ്ങൾക്ക് മുൻപ് സ്കൂളിൽ തോക്ക് കൊണ്ട് വന്ന് മറ്റ് സഹപാഠികളെ ഭീഷണിപ്പെടുത്തി മർദ്ദിച്ചതിനും ശ്രീശങ്കറിനെതിരെ പൊലീസ് കേസെടുത്തിരുന്നു. അന്ന് പ്രായപൂർത്തിയാകാത്തതിനെ തുടർന്ന് ശ്രീശങ്കറിന് താക്കീത് നൽകി വിട്ടയക്കുകയായിരുന്നു. എന്നാൽ സ്കൂളിൽ നിന്ന് അച്ചടക്കനടപടി നേരിട്ടിരുന്നു. അതിനുശേഷം തിരികെയെത്തിയ ശ്രീശങ്കർ അദ്ധ്യാപികയ്ക്കെതിരെ ജാതി അധിക്ഷേപം നടത്തിയതിനും പരാതി ഉയർന്നിരുന്നു. തുടർന്ന് സസ്പെൻഡ് ചെയ്യുകയായിരുന്നു. മാസങ്ങൾക്കുശേഷം വിദ്യാർത്ഥി സംഘടനകൾ ഇടപെട്ടാണ് ശ്രീശങ്കറിനെ തിരികെ സ്കൂളിൽ കയറ്റിയത്.

വില്പന സമ്മർദം: നിർത്തുന്ന എസ്ഐപികളുടെ എണ്ണം കൂടി

മുംബൈ: തകർച്ച തുടർന്നതോടെ വിപണിക്ക് പിന്തുണ നൽകിയിരുന്ന എസ്ഐപി നിക്ഷേപകരും പിൻവാങ്ങുന്നു? ജനുവരിയിലെ എസ്ഐപി കണക്കുകളാണ് ഇതേക്കുറിച്ച് സൂചന നൽകുന്നത്. നിർത്തുന്ന എസ്ഐപികളുടെ എണ്ണം പുതിയതായി തുടങ്ങുന്ന എസ്ഐപികളുടെ എണ്ണത്തെ മറികടന്നു. അതായത് ജനുവരിയിൽ 56 ലക്ഷം പുതിയ എസ്ഐപി രജിസ്ട്രേഷൻ ഉണ്ടായപ്പോൾ 61 ലക്ഷം അക്കൗണ്ടുകൾ ക്ലോസ് ചെയ്തു.

തുടർച്ചയായി ആറാമത്തെ മാസമാണ് എസ്ഐപി രജിസ്ട്രേഷനിൽ ഇടിവുണ്ടാകുന്നത്. വിപണിയിൽ തിരുത്തൽ തുടരുകയാണെങ്കിൽ നിർത്തുന്ന എസ്ഐപികളുടെ എണ്ണം ഇനിയും കൂടുമെന്നാണ് വിലയിരുത്തൽ. അതേസമയം, രജിസ്റ്റർ ചെയ്യുന്ന എസ്ഐപികളിൽ കുറവുണ്ടായെങ്കിലും നിക്ഷേപ വരവിൽ നേരിയ ഇടിവ് മാത്രമാണുണ്ടായത്. ജനുവരിയിൽ എസ്ഐപി വഴിയുള്ള നിക്ഷേപം 26,400 കോടി രൂപയാണ്. ഡിസംബറിൽ 26,459 കോടിയായിരുന്നു.

എക്സ്ചേഞ്ചുകളും രജിസ്ട്രാർ ആൻഡ് ട്രാൻസ്ഫർ ഏജന്റുമാരും(ആർടിഎ)തമ്മിലുള്ള ഏകീകരണമാണ് ഇതിന് കാരണമായി ആംഫി വ്യക്തമാക്കുന്നു. 3 മാസം തുടർച്ചയായി പണം അടയ്ക്കാതിരുന്നാൽ എസ്ഐപി അക്കൗണ്ട് ക്ലോസ് ചെയ്തതായി കണക്കാക്കാറാണ് പതിവ്.

സെപ്റ്റംബറിലെ ഉയർന്ന നിലവാരത്തിൽനിന്ന് വിപണി തിരുത്തലിന്റെ പാതയിലേയ്ക്ക് പ്രവേശിച്ചതു മുതൽ പുതിയതായി തുടങ്ങുന്ന എസ്ഐപികളിൽ കാര്യമായ കുറവുണ്ടായിട്ടുണ്ട്. ഡിസംബറിൽ 45 ലക്ഷം എസ്ഐപികൾ കാലാവധിയെത്തുകയോ നിർത്തലാക്കുകയോ ചെയ്തു. ജനുവരിയിലെ കണക്കുപ്രകാരം 10.27 കോടി എസ്ഐപി അക്കൗണ്ടുകളാണുള്ളത്. ഡിസംബറിൽ 10.32 കോടിയായിരുന്നു. എസ്ഐപികൾ കൈകാര്യം ചെയ്യുന്ന മൊത്തം ആസ്തി 13.82 ലക്ഷം കോടിയെന്ന എക്കാലത്തെയും ഉയരത്തിൽ നിന്ന് 13.2 ലക്ഷം കോടിയിലെത്തുകയും ചെയ്തു.

വിപണിയിൽ ഇതിനകം 10 ശതമാനത്തിലേറെ തിരുത്തൽ പ്രകടമായിട്ടുണ്ട്. നിഫ്റ്റി 13 ശതമാനവും നിഫ്റ്റി മിഡ് ക്യാപ് 17 ശതമാനവും നിഫ്റ്റി സ്മോൾ ക്യാപ് 19 ശതമാനവും ഇടിവ് നേരിട്ടു. കഴിഞ്ഞവർഷം മ്യൂചൽ ഫണ്ടിൽ നിക്ഷേപം തുടങ്ങിയവരുടെ പോർട്ഫോളിയോ ഇതിനകം നഷ്ടത്തിലായിട്ടുണ്ടാകും. നേട്ടക്കണക്കുകളുടെ പുറകെ പോയതിനാൽ ചെറുകിടക്കാരിലേറപ്പേരുടെയും നിക്ഷേപം മിഡ്, സ്മോൾ ക്യാപുകളിലാണെന്നതാണ് നഷ്ടംകൂടാനുള്ള കാരണം.

സ്വകാര്യബസ് പണിമുടക്ക് പിൻവലിച്ചു

തൃശ്ശൂർ : സ്വകാര്യബസ് ജീവനക്കാർ 19–ന് ആഹ്വാനം ചെയ്ത പണിമുടക്ക് പിൻവലിച്ചു. സ്വകാര്യബസ്സുടമസ്ഥ സംഘടനകളുടെ നേതാക്കളുമായി തൊഴിലാളി സംഘടനാ പ്രതിനിധികൾ നടത്തിയ ചർച്ചയിൽ ക്ഷാമബത്ത കുടിശ്ശിക നൽകാൻ തീരുമാനമായതിനെത്തുടർന്നാണ് പിൻമാറ്റം. മാർച്ച് ഒന്നിന് കുടിശ്ശിക നൽകിത്തുടങ്ങും.

യുവതി തടാകത്തിൽ മരിച്ചനിലയിൽ; സ്കൂട്ടർ അപകടമെന്ന് പിതാവ്, ദുരഭിമാനക്കൊലയെന്ന് ആൺസുഹൃത്ത്

ബെംഗളൂരു: അച്ഛനോടൊപ്പം ബൈക്കിൽ സഞ്ചരിച്ച യുവതി തടാകത്തിൽവീണ് മരിച്ച സംഭവം ദുരഭിമാനക്കൊലയെന്ന് ആരോപിച്ച് ആൺസുഹൃത്ത്. കുഡ്ലു ഗേറ്റിൽ സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരി സഹാന (20) ആണ് ഫെബ്രുവരി പന്ത്രണ്ടാംതീയതി ഹുസ്കൂർ തടാകത്തിൽ വീണ് മരിച്ചത്. അച്ഛൻ രാമമൂർത്തിയായിരുന്നു വാഹനം ഓടിച്ചിരുന്നത്.

തലേന്ന് നന്നായി ഉറങ്ങാതിരുന്നിനെ തുടർന്ന് ബൈക്ക് ഓടിക്കവേ ഉറങ്ങിപ്പോയെന്നും താനും മകളും തടാകത്തിൽ വീണുവെന്നുമാണ് രാമമൂർത്തി, ഹെബ്ബഗോഡി പോലീസ് സ്റ്റേഷനിലെത്തി പറഞ്ഞത്. എന്നാൽ, സഹാനയും താനുമായുള്ള ബന്ധത്തിന് യുവതിയുടെ കുടുംബം എതിരായിരുന്നെന്ന് ആൺസുഹൃത്ത് നിതിൻ പറഞ്ഞു. ഇതേത്തുടർന്നുള്ള ദുരഭിമാനക്കൊലയാണ് നടന്നതെന്നും നിതിൻ ആരോപിച്ചു.

വ്യത്യസ്ത ജാതിയിൽപ്പെട്ട സഹാനയും നിതിനും ഒരു കൊല്ലത്തിലധികമായി പ്രണയത്തിലാണെന്നാണ് വിവരം. പൊതുസുഹൃത്തുക്കൾ വഴിയാണ് ഇവർ പരിചയപ്പെടുന്നതെന്ന് നിതിന്റെ സുഹൃത്ത് മദൻകുമാർ പറയുന്നു. തുടർന്ന് കഴിഞ്ഞ 18 മാസമായി ഇരുവരും പ്രണയത്തിലായിരുന്നു. കുറുബ സമുദായാംഗമാണ് സഹാന. നിതിൻ, നായിഡു ജാതിയിൽപ്പെട്ടയാളാണ്.

സഹാന മരിക്കുന്നതിന് തൊട്ടുമുൻപത്തെ ദിവസം, നിതിനെ രാമമൂർത്തി സുഹൃത്തിന്റെ വീട്ടിലേക്ക് വിളിച്ചു വരുത്തുകയും സഹാനയെ വിവാഹം ചെയ്തുതരില്ലെന്ന് പറഞ്ഞതായും സൂചനയുണ്ട്. സഹാനയുടെ മരണം ദുരഭിമാനക്കൊലയാണോ എന്ന കാര്യം പോലീസ് സ്ഥിരീകരിച്ചിട്ടില്ല. വിഷയത്തിൽ അന്വേഷണം പുരോഗമിക്കുകയാണ്.

നിര്യാതനായി

ഡോ: പി എസ് സംഗമേശ്വരൻ

തൃശൂർ: പ്രശസ്ത ഭിഷഗ്വരനും സാമൂഹ്യ പ്രവർത്തകനുമായിരുന്ന ഡോ: പി എസ് സംഗമേശ്വരൻ (85) അന്തരിച്ചു.സംസ്കാരം ഉച്ചതിരിഞ്ഞ്

മന്ത്രി എന്ന നിലയിൽ അബ്ദുറഹിമാൻ വട്ടപ്പൂജ്യം – കേരള ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ്

തിരു: കായിക മന്ത്രി വി. അബ്ദുറഹിമാനെതിരെ ആഞ്ഞടിച്ച് കേരള ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് വി. സുനിൽ കുമാർ. ദേശീയ ഗെയിംസിൽ കേരളം പിന്തള്ളപ്പെടാൻ കാരണം മന്ത്രിയും സ്?പോർട്സ് കൗൺസിലുമാണെന്നായിരുന്നു സുനിൽ കുമാറിന്റെ ആരോപണം. ആദ്യമായി കായിക വകുപ്പിന് മാത്രമായി മന്ത്രിയുണ്ടായിട്ടും സമ്പൂർണ പരാജയമായി മാറി. നാലു വർഷമായിട്ടും കായിക രംഗത്തിന് ഒരു സംഭാവനയും നൽകാനായില്ല. അതിന്റെ പ്രതിഫലനമാണ് ദേശീയ ഗെയിംസിൽ കാണാൻ കഴിഞ്ഞത്. മന്ത്രി എന്ന നിലയിൽ അബ്ദുറഹിമാൻ വട്ടപ്പൂജ്യമായി മാറിയെന്നും സുനിൽ കുമാർ കുറ്റപ്പെടുത്തി.

ഉത്തരാഖണ്ഡിൽ നടന്ന ദേശീയ ഗെയിംസിൽ കേരളം 14ാം സ്ഥാനവുമായാണ് മടങ്ങുന്നത്. 13 സ്വർണം ഉൾപ്പെടെ 54 മെഡലുകളാണ് കേരളത്തിന്റെ സമ്പാദ്യം. ഒളിമ്പിക്സ് മാതൃകയിൽ ദേശീയ ഗെയിംസ് സംഘടിപ്പിച്ചു തുടങ്ങിയ 1985നു ശേഷം കേരളത്തിന്റെ ഏറ്റവും മോശം പ്രകടനമാണിത്. കഴിഞ്ഞ ഗെയിംസിൽ 36 സ്വർണമുൾപ്പെടെ 87 മെഡലുകളുമായി അഞ്ചാം സ്ഥാനത്തായിരുന്നു കേരളം.

പ്ലസ് വൺ വിദ്യാർത്ഥി സ്കൂളിൽ തൂങ്ങിമരിച്ച നിലയിൽ

തിരു: കാട്ടാക്കടയിൽ പ്ലസ് വൺ വിദ്യാർത്ഥിയെ സ്കൂളിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. കുറ്റിച്ചൽ എരുമക്കുഴി സ്വദേശി ബെൻസൺ എബ്രഹാമാണ് മരിച്ചത്. കുറ്റിച്ചൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥിയാണ്.

ഇന്നലെ വൈകിട്ട് ആറ് മണിക്കാണ് ബെൻസൺ എബ്രഹാം വീട്ടിൽ നിന്നിറങ്ങിയത്. ജിമ്മിൽ പോകുന്ന പതിവ് ജെൻസണ് ഉണ്ടായിരുന്നു. അവിടെ ഉണ്ടാകുമെന്ന ധാരണയിലായിരുന്നു വീട്ടുകാർ. രാത്രി ഏറെ സമയം കഴിഞ്ഞും കാണാതായതോടെ ബന്ധുക്കൾ പൊലീസിൽ പരാതി നൽകി.

ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും വീടുകളിലൊക്കെ അന്വേഷണം നടത്തിയെങ്കിലും ബെൻസണെ കണ്ടെത്താനായില്ല. സംശയം തോന്നി രാവിലെ ആറ് മണിയോടെ ബന്ധുക്കൾ സ്കൂളിലെത്തിയപ്പോഴാണ് തൂങ്ങിമരിച്ചനിലയിൽ കണ്ടെത്തിയത്.

ടോയ്‌ലറ്റിന് സമീപം തൂങ്ങിമരിച്ചനിലയിലായിരുന്നു. പൊലീസ് സ്ഥലത്തെത്തി ഇൻക്വസ്റ്റ് നടപടികൾ ആരംഭിച്ചു. ഇന്ന് വിദ്യാർത്ഥിക്ക് പ്രൊജക്ട് സമർപ്പിക്കേണ്ട ദിവസമായിരുന്നു. ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നമുള്ളതായി അറിയില്ലെന്നും ആത്മഹത്യ ചെയ്യാൻ മറ്റ് കാരണങ്ങളില്ലെന്നുമാണ് ബന്ധുക്കൾ പറയുന്നത്.

കോടതി പരസ്യം

ബഹു. തൃശൂർ രണ്ടാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

EP: 2375/2019

OS: 1963/2015

ലീസ് ഇൻഡെക്സ് ഇന്ത്യ ലിമിറ്റഡ്, തൃശൂർ

–വിധി ഉടമ

തൃശൂർ താലൂക്ക്, കണിമംഗലം വില്ലേജ്, പനമുക്ക് ദേശത്ത്, കോഴിപറമ്പിൽ സത്യൻ ഭാര്യ 48 വയസ് തുളസി

2) തലപ്പിള്ളി താലൂക്ക്, ചൊവ്വന്നൂർ വില്ലേജ്, ടി ദേശത്ത്, പറപ്പൂർ ഉണ്ണികൃഷ്ണൻ മകൻ 49 വയസ് രാജീവ്

–1, 2 വിധി കടക്കാർ

മേൽ നമ്പറിൽ 1, 2 വിധി കടക്കാർക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്താൻ ഉത്തരവായി മേൽ നമ്പർ കേസ് 11–04–2025 തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ആക്ഷേപം ഉള്ളവർ അന്നേദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 12–2–2025

വിധി ഉടമ ഭാഗം

അഡ്വക്കേറ്റ്

ടി ആർ രാജീവ്(ഒപ്പ്)

സുരേഷ് കുമാറിനെ പിന്തുണച്ച് നിർമാതാക്കളുടെ സംഘടന, ആന്റണിക്ക് സപ്പോർട്ടുമായി താരങ്ങൾ

കൊച്ചി: സിനിമാ സമരം പ്രഖ്യാപിച്ച നിർമാതാവ് ജി സുരേഷ് കുമാറിനെതിരെ ആന്റണി പെരുമ്പാവൂർ രംഗത്തെത്തിയത് മലയാള സിനിമയിൽ പുതിയ പോരിന് തുടക്കം കുറിച്ചിരിക്കുകയാണ്. സുരേഷ് കുമാറിന് പിന്തുണയുമായി നിർമാതാക്കളുടെ സംഘടന ഇന്ന് പ്രസ്താവന പുറത്തിറക്കും. രണ്ട് ദിവസം മുൻപ് വാർത്താസമ്മേളനത്തിൽ പറഞ്ഞ കാര്യങ്ങൾ സുരേഷ് കുമാർ ഒറ്റയ്ക്ക് എടുത്ത തീരുമാനം അല്ലെന്നാണ് പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ പറയുന്നത്.

ആന്റണി പെരുമ്പാവൂർ, സുരേഷ് കുമാറിനെതിരെ രൂക്ഷവിമർശനം നടത്തിയതിനു പിന്നാലെ ആന്റണിയെ നേരിൽ കാണാൻ നിർമാതാക്കളുടെ സംഘടന നീക്കം നടത്തുന്നുവെന്നാണ് ലഭിക്കുന്ന വിവരം. ആന്റണി പെരുമ്പാവൂരിന് പിന്തുണയുമായി നടൻ ബേസിൽ ജോസഫും നടി അപർണ ബാലമുരളിയും രംഗത്തെത്തിയിട്ടുണ്ട്.കഴിഞ്ഞ ദിവസം ആന്റണി പെരുമ്പാവൂരിന്റെ വിമർശനത്തിനെതിരെ സുരേഷ് കുമാറും പ്രതികരിച്ചിരുന്നു.സമരം തീരുമാനിച്ചത് ഒറ്റക്കല്ലെന്നും സംഘടനകൾ കൂട്ടമായി തീരുമാനിച്ചതാണെന്നുമായിരുന്നു സുരേഷ് കുമാറിന്റെ പ്രതികരണം. ആന്റണി പെരുമ്പാവൂർ യോഗങ്ങളിൽ വരാറില്ല. ഇതുമായി ബന്ധപ്പെട്ട മിനിട്സ് പരിശോധിക്കാമെന്നും അദ്ദേഹം വ്യക്തമാക്കി.

ഇതിനിടയിൽ ആന്റണി പെരുമ്പാവൂരിന് പിന്തുണയുമായി നടനും സംവിധായകനുമായ പൃഥ്വിരാജും രംഗത്തെത്തിയിരുന്നു.ആന്റണി പെരുമ്പാവൂരിന്റെ ഫേസ്ബുക്ക് പോസ്റ്റ് പൃഥ്വിരാജ് പങ്കുവച്ചിട്ടുണ്ട്. എല്ലാം ഓകെ അല്ലേ അണ്ണാ? എന്നാണ് പോസ്റ്റിനൊപ്പം പൃഥ്വിരാജ് കുറിച്ചിരിക്കുന്നത്. നിർമാതാക്കളുടെ സംഘടനയിൽ സുരേഷ് കുമാറിന്റെ അഭിപ്രായങ്ങളോട് ഭിന്നതയുണ്ടെന്ന് സൂചിപ്പിച്ചുക്കൊണ്ടായിരുന്നു ആന്റണിയുടെ പോസ്റ്റ്. അതിനൊപ്പം പുതിയ ചിത്രമായ എമ്പുരാന്റെ ബഡ്ജറ്റ് 141 കോടിയെന്ന് സുരേഷ് കുമാർ പറഞ്ഞതിനെയും ആന്റണി വിമർശിച്ചിട്ടുണ്ട്.

സ്വർണവില പവന് 80 രൂപകൂടി

തൃശൂർ: സംസ്ഥാനത്ത് ഇന്ന് സ്വർണവില കൂടി. തുടർച്ചയായ രണ്ടാം ദിനമാണ് സ്വർണവില കൂടുന്നത്.

പവന് 80 രൂപയാണ് ഇന്ന് വർധിച്ചത്. ഒരു പവൻ സ്വർണത്തിന്റെ ഇന്നത്തെ വിപണി നിരക്ക് 63,520 രൂപയാണ്.

പടക്കം പൊട്ടിച്ചത് വളരെദൂരെ, പീതാംബരൻ ആനയ്ക്ക് ആക്രമണസ്വഭാവമുണ്ടെന്ന് കേൾക്കുന്നു: ക്ഷേത്രഭാരവാഹികൾ

കോഴിക്കോട്: കൊയിലാണ്ടി മണക്കുളങ്ങര ക്ഷേത്രത്തിൽ മൂന്നുപേരുടെ മരണത്തിനിടയാക്കിയ സംഭവത്തിൽ ആനകൾ ഇടഞ്ഞത് പടക്കം പൊട്ടുന്ന ശബ്ദം കേട്ടാകാമെന്ന വാദം തള്ളി ക്ഷേത്രഭാരവാഹികൾ. ആനകൾ നിന്നിടത്തുനിന്ന് ഏറെ മാറിയാണ് പടക്കം പൊട്ടിച്ചതെന്നാണ് വിശദീകരണം. ശക്തികുറഞ്ഞ ഓലപ്പടക്കങ്ങളാണ് ഉപയോഗിച്ചതെന്നും ഗോകുൽ എന്ന ആനയെ കുത്തിപ്പരിക്കേൽപ്പിച്ച പീതാംബരൻ എന്ന ആനയ്ക്ക്, മറ്റാനകളെ ആക്രമിക്കുന്ന സ്വഭാവമുണ്ടായിരുന്നതായി ഇപ്പോൾ പറഞ്ഞുകേൾക്കുന്നുണ്ടെന്നും ഭാരവാഹികൾ പറഞ്ഞു.

എഴുന്നള്ളത്തിന് അണിനിരത്തിയ ആനകൾക്ക് സമീപം പടക്കംപൊട്ടിച്ചിട്ടില്

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

കേരള ബജറ്റിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വർദ്ധിപ്പിക്കാത്തത് അപലപനീയം: ജനത എസ് എസ് പി ജെ

തൃശൂർ: കേരള ബജറ്റിൽ സാമൂഹ്യ സുരക്ഷ പെൻഷൻ മിനിമം 3000 രൂപയാക്കിയും 80 വയസ്സ് കഴിഞ്ഞവർക്കും ഭിന്നശേഷിക്കാർക്കും 5000 രൂപയാക്കിയും ഉയർത്താത്തത് അപലപനീയം ആണെന്ന് സാമൂഹ്യ സുരക്ഷ പെൻഷനേഴ്സ് ജനത സംസ്ഥാന കമ്മിറ്റി യോഗം കുറ്റപ്പെടുത്തി.

ഭക്ഷ്യവിഭവങ്ങളുടെയും മരുന്നുകളുടെയും സേവനങ്ങളുടെയും വില വർദ്ധിച്ച സാഹചര്യത്തിൽ 1600 രൂപ പെൻഷൻ കാലഹരണപ്പെട്ടതാണ് സാമൂഹ്യ സുരക്ഷ പെൻഷൻ കാർക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്താനും ഭൂരഹിതർ ഉൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻകാർക്ക് ലൈഫ് മിഷൻ പദ്ധതിയിൽ വീടുകൾ നിർമ്മിച്ചു നൽകുന്നതിനും കേരള ബജറ്റിൽ പദ്ധതികൾ ഇല്ലാത്തതും പ്രതിഷേധാർഹമാണ്.

2016 വർഷം ഉണ്ടായിരുന്ന ജീവിത ചെലവും 2025ലെ ജീവിത ചെലവും തമ്മിൽ വലിയ വ്യത്യാസമാണുള്ളത് സാമൂഹ്യ സുരക്ഷാ പെൻഷൻ 2500 രൂപയാക്കും എന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ വാഗ്ദാനവും ജലരേഖയായി മാറി ഇതിനെതിരെ ശക്തമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുവാൻ യോഗം തീരുമാനിച്ചു. യോഗം സംസ്ഥാന രക്ഷാധികാരി അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി ഉദ്ഘാടനം ചെയ്തു സംസ്ഥാന പ്രസിഡണ്ട് അഡ്വക്കേറ്റ് ജോക്കിൻ എ പെരേര അധ്യക്ഷത വഹിച്ചു.

സംസ്ഥാന കോർഡിനേറ്റർ അഡ്വക്കേറ്റ് ടി ഐ സേവിയർ തൃശ്ശൂർ ജില്ലാ പ്രസിഡണ്ട് എൻ കെ രവീന്ദ്രൻ ജനറൽ സെക്രട്ടറി ഐ പി കുട്ടൻഹരിദാസ് വയനാട് എം എ ഇഗ്നേഷ്യസ്, മേരിക്കുട്ടി ഇഗ്നേഷ്യസ്, പി വി അനിൽകുമാർ, ഐ വി വേലുകുട്ടി, എ എൽ പോൾ, അബ്ദുൽ മനാഫ്,ടി എ കുര്യൻ തുടങ്ങിയവർ സംസാരിച്ചു

മെഡിക്കൽ കോളേജ് എച്ച്.ഡി.എസ് ജീവനക്കാർക്ക് യാത്രയയപ്പ് നൽകി

തൃശൂർ: മുളംകുന്നത്തുകാവ് കാളേജ് ആശുപത്രിയിൽവിരമിച്ച എച്ച് ഡി എസ് ജീവനകാർക്ക് എംപ്ലോയ്സ് അസോസിയേഷന്റ് നേതൃത്തിൽ യാത്രയയപ്പ് നൽകി. സെക്യൂരിറ്റി ഓഫീസർ വിൻസന്റ് അറ്റൻഡർ ജസ്റ്റിൻ ഫ്രാൻസിസ എനിവർക്കാണ് യാത്രയയപ്പ് നൽകിയത്.

യാത്രയപ്പ് യോഗം പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിസന്റ് ലീല രാമകൃഷ്ണൻ ഉൽഘാടനം ചെയ്തു. അസോസിയേഷൻ പ്രസിഡന്റ് സി വി. കുരിയാക്കോസ് അധ്യക്ഷത വഹിച്ചു. വർക്കിംഗ് പ്രസിഡന്റ് എച്ച് ഡി എസ് പി എസ് ഉണ്ണികൃഷ്ണൻ, എച്ച് ഡി എസ അംഗങ്ങളായ ബ്ലോക്ക് പഞ്ചായത് അംഗം ജ് ബിജു, ജോൺസൺ കാഞ്ഞിത്തങ്കൽ, ഗോപിനാഥ താറ്റാട്ട്, ബാബു വി. ജെ, മാർട്ടിൻ ചാലിശ്ശേരി ജനറൽ സെക്രട്ടറി T.V. ജയചന്ദ്രൻ, ട്രഷറർ K.R. ഷീല, സജീഷ് കുമാർ, ഷീജ തുടങ്ങിയവർ സംസാരിച്ചു.

തൃശൂർ ജില്ലാ നിയമ സേവന അതോറിറ്റിയുടെ അവസരോചിതമായ ഇടപെടൽ മൂലം മാനസിക വൈകല്യമുള്ള അമ്മയ്ക്കും അവരുടെ 11 വയസുള്ള ഇരട്ടക്കുട്ടികൾക്കും സ്വന്തം നാട്ടിലെത്തിപ്പെടാൻ സാധിച്ചു

തൃശൂർ: ജില്ലാ നിയമസേവന അതോറിറ്റി സെക്രട്ടറിയും സബ് ജഡ്ജിയുമായ സരിത രവീന്ദ്രന്റെ കൃത്യമായ ഇടപെടൽ മൂലം മാനസിക വൈകല്യമുള്ള സന്ധ്യക്കും അവരുടെ രണ്ട് മക്കൾക്കും സ്വന്തം നാട്ടിലെത്തിപ്പെടാൻ സാധിച്ചു.

10.02.25 തിങ്കളാഴ്ചയാണ് സന്ധ്യയും തന്റെ രണ്ടു മക്കളും ജില്ലാ നിയമ സേവന അതോറിറ്റി ഓഫീസിൽ എന്തെങ്കിലും സഹായം ചെയ്തു തരണം എന്ന അപേക്ഷയുമായി എത്തിയത്.

റീടെയ്നർ വക്കീലായ ഡസ്റ്റിൻ ജോയും, ഓഫീസിൽ നിന്നുള്ള സ്റ്റാഫുകളും ചോദിച്ചറിഞ്ഞതിൽ നിന്നും സന്ധ്യക്ക് മാനസിക വൈകല്യമുള്ളതായും വീട് കണ്ണൂർ ആണെന്നും തന്റെ മക്കളെ പിരിഞ്ഞിരിക്കാൻ ബുദ്ധിമുട്ടാണെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ഡി എൽ എസ് എ സെക്രട്ടറിയും സബ് ജഡ്ജിയും ആയ സരിത രവീന്ദ്രൻ അവരുടെ ആവശ്യങ്ങൾ എന്താണെന്ന് ചോദിച്ചപ്പോൾ തനിക്കും മക്കൾക്കും തന്റെ നാടായ കണ്ണൂരിൽ എത്താൻ വേണ്ട സൗകര്യങ്ങൾ ചെയ്തുതന്നാൽ മതി എന്നാണ് പറഞ്ഞത്.

അവരുടെ കയ്യിൽ യാത്ര ചെയ്യാനോ, ഭക്ഷണം വാങ്ങി കഴിക്കാനോ ഉള്ള പണം ഉണ്ടായിരുന്നില്ല. അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കിയ സെക്രട്ടറി അവരെ സ്നേഹിതയിലേക്ക് കൊണ്ടുപോകാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ നിന്ന് വന്ന സബ് ഇൻസ്പെക്ടറും, വനിതാ കോൺസ്റ്റബിളും പാര ലീഗൽ വോളന്റീയർമാരും അവരെ സ്നേഹിതയിലേക്ക് കൊണ്ടു ചെന്നാക്കുകയും ചെയ്തു. മാനസിക വൈകല്യമുള്ള അമ്മയെയും, ഇരട്ടകുട്ടികളേയും 11-2-25 ന് കണ്ണൂരിലേക്ക് എത്തിക്കുന്നതിനുവേണ്ടി റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സിന് നിർദ്ദേശം നൽകുകയും അവരെ റെയിൽവേ പോലീസ് സ്റ്റേഷനിലേക്ക് പി എൽ വി ആയ സുനിതയും, സൗമ്യയും കൊണ്ടുപോകുകയും, അവർക്ക് ആവശ്യമായ റെയിൽവേ ടിക്കറ്റ് എടുത്തുകൊടുക്കുകയും, ഭക്ഷണം വാങ്ങിച്ചുകൊടുക്കുകയും, അവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ട്രെയിൻ വരുന്നതുവരെ (വൈകീട്ട് 7 വരെ) റെയിൽവേസ്റ്റേഷനനിൽ കൂടെ ഉണ്ടാവുകയും ചെയ്തു.

ആയതിന്റെ അടിസ്ഥാനത്തിൽ ആർ പി എഫ് ഷമീറിന്റെ നിർദ്ദേശപ്രകാരം ആർ പി എഫ് ഓഫീസേഴ്സ് ആയ മധുവും, രേഷ്മയും ചേർന്ന് ഇവരെ കണ്ണൂരിൽ എത്തിച്ചു. ഡി എൽ എസ് എ സെക്രട്ടറി ആയ സരിത രവീന്ദ്രൻ അവർകളുടെ നിർദ്ദേശപ്രകാരം കണ്ണൂരിൽ എത്തിയ സന്ധ്യയേയും കുട്ടികളേയും അവിടെയുള്ള സ്നേഹിതയിലെ സ്റ്റാഫുകൾവന്ന് കൊണ്ടുപോകുകയും തുടർന്നുള്ള നിയമ നടപടിക്കും അവരുടെ ആവശ്യങ്ങൾക്കും വേണ്ടി കണ്ണൂർ ജില്ലാ നിയസേവന അതോറിറ്റിയിലേക്ക് ആയത് കാണിച്ചു സെക്രട്ടറി കത്ത് നൽകുകയും ചെയ്തു.

തൃശൂർ ഡിസ്ട്രിക്റ്റ് ടോഡി വർക്കേഴ്സ് യൂണിയൻ വിവിധാ വശ്യങ്ങൾ ഉന്നയിച്ച് തൃശൂർ എക്സൈസ് ഡെപ്യൂട്ടി കമ്മീഷ്ണർ ഓഫിസിന് മുന്നിൽ നടത്തിയ ധർണ്ണ സി.ഐ.ടി.യു.സംസ്ഥാന വൈസ് പ്രസിഡന്റ് എം കെ കണ്ണൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു

കള്ള് ചെത്ത് തൊഴിലാളികൾ മാർച്ചും ധർണയും നടത്തി

തൃശൂർ: വിവിധ ആവശ്യങ്ങളുന്നയിച്ച് തൃശൂർ ഡിസ്ട്രിക്റ്റ് ടോഡി വർക്കേഴ്സ് യൂണിയൻറെ (സിഐടിയു) നേതൃത്വത്തിൽ തൊഴിലാളികൾ എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ഓഫീസ് മാർച്ചും ധർണയും നടത്തി. കള്ള് ചെത്ത് വ്യവസായവും തൊഴിലും സംരക്ഷിക്കുക ടോഡി ബോർഡിൻറെ പ്രവർത്തനത്തിന് ഫണ്ട് അനുവദിക്കുക, എക്സൈസ് ഉദ്യോഗസ്ഥരുടെ തൊഴിലാളി ദ്രോഹ നടപടി അവസാനിപ്പിക്കുക, ലേല വ്യവസ്ഥകൾ ലഘുകരിക്കുക, വിദേശ മദ്യ ഷോപ്പുകൾക്കും കള്ള് ഷോപ്പുകൾത്തും ഒരേ ദൂരപരിധി ബാധകമാക്കുക എന്നീ ആവശ്യങ്ങളുന്നയിച്ചായിരുന്നു സമരം. സിഐടിയു സംസ്ഥാന വൈസ് പ്രസിഡൻറ് എം.കെ. കണ്ണൻ ഉദ്ഘാടനം ചെയ്തു. യൂണിയൻ ജില്ലാ പ്രസിഡൻറ് യു.പി.ജോസഫ് അധ്യക്ഷത വഹിച്ചു. യൂണിയൻ ജന.സെക്രട്ടറി സി.കെ.വിജയൻ, ഒ.എസ് സുധീർ എന്നിവർ പ്രസംഗിച്ചു.

പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് പെൻഷനും ഇൻഷുറൻസ് പരിരക്ഷയും ഏർപ്പെടുത്തണം : കേരള പത്രപ്രവർത്തക അസോസിയേഷൻ

തൃശൂർ : പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് പെൻഷനും ഇൻഷുറൻസ് പരിരക്ഷയും ഏർപ്പെടുത്തണമെന്ന് കേരള പത്രപ്രവർത്തക അസോസിയേഷൻ ജില്ലാ സമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടു. പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് നേരെയുണ്ടാകുന്ന അക്രമങ്ങളെ ശക്തമായി നേരിടാനും യോഗം തീരുമാനിച്ചു.

തൃശൂർ മോത്തിമഹൽ ഹാളിൽ നടന്ന സമ്മേളനം സംസ്ഥാന ജനറൽ സെക്രട്ടറി സലിം മൂഴിക്കൽ ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ ജില്ലാ പ്രസിഡന്റ് ഗോപി ചക്കുന്നത്ത് അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി മനോജ് കടമ്പാട്ട് മുഖ്യ പ്രഭാഷണം നടത്തി.

ജില്ലാ സെക്രട്ടറിമാരായ ഷോബി കെ പോൾ (ഇരിങ്ങാലക്കുട), രഞ്ജിത്ത് (ഗുരുവായൂർ), മേഖലാ പ്രസിഡന്റുമാരായ രാധാകൃഷ്ണൻ (കൊരവൻകുഴി), രമേശ് (പുന്നയൂർക്കുളം), അംഗങ്ങളായ ഫിലിപ്പ് ജേക്കബ്ബ് (അത്താണി), ജോൺസൺ (മുളങ്കുന്നത്തുകാവ്) എന്നിവർ പ്രസംഗിച്ചു.

പുതിയ ജില്ലാ കമ്മിറ്റി ഭാരവാഹികളായി ഗോപി ചക്കുന്നത്ത് (പ്രസിഡണ്ട്), രഞ്ജിത്ത് ഗുരുവായൂർ, രാജീവ് മുല്ലപ്പിള്ളി (വൈസ് പ്രസിഡണ്ടുമാർ), രമേശ് ചേമ്പിൽ (ജനറൽ സെക്രട്ടറി), ഫൈസൽ ചാലക്കുടി, ഷോബി കെ പോൾ, ഫിലിപ്പ് ജേക്കബ് അത്താണി (ജോയിന്റ് സെക്രട്ടറിമാർ), പ്രമോദ് തൃശൂർ (ട്രഷറർ) എന്നിവരടങ്ങിയ 15 അംഗ കമ്മിറ്റിയെ തെരഞ്ഞെടുത്തു. വറീത് ചിറ്റിലപ്പിള്ളിയെ സംസ്ഥാന കമ്മിറ്റിയിലേക്ക് നാമനിർദ്ദേശം ചെയ്തു.

വേൾഡ് മലയാളി കൗൺസിൽ വള്ളുവനാട് പ്രോവിൻസ് ചെയർമാൻ ജോസ് പുതുക്കാടൻ, പ്രസിഡന്റ് സുരേന്ദ്രൻ കണ്ണാട്ട്, ജനറൽ സെക്രട്ടറി എൻ.പി. രാമചന്ദ്രൻ.

ജോസ് പുതുക്കാടൻ ചെയർമാൻ

തൃശൂർ: വേൾഡ് മലയാളി കൗൺസിൽ വള്ളുവനാട് പ്രോവിൻസ് ചെയർമാനായി ജോസ് പുതുക്കാടനെ വീണ്ടും തെരഞ്ഞെടുത്തു.

പ്രസിഡന്റായി സുരേന്ദ്രൻ കണ്ണാട്ട് ജനറൽ സെക്രട്ടറിയായി എൻ.പി. രാമചന്ദ്രൻ എന്നിവരേയും തെരഞ്ഞെടുത്തു. ജെയ്സൺ ഫ്രാൻസിസ് - വൈസ് പ്രസിഡന്റ്, ചന്ദ്രപ്രകാശ് എടമന- ജോയിന്റ് സെക്രട്ടറി, സി.കെ. രാജഗോപാലൻ- ട്രഷറർ എന്നിവരാണു മറ്റു ഭാരവാഹികൾ.

ജനകീയ ആരോഗ്യ കേന്ദ്രത്തിന് കസേരകളും മെഡിക്കൽ ഉപകരണങ്ങളും നൽകി കൊരുമ്പിശ്ശേരി റെസിഡന്റ്സ് അസോസിയേഷൻ

ഇരിങ്ങാലക്കുട : കൊരുമ്പിശ്ശേരിയിൽ പ്രവർത്തിക്കുന്ന ഇരിങ്ങാലക്കുട നഗരസഭയുടെ നഗര ജനകീയ ആരോഗ്യ കേന്ദ്രത്തിന് ആവശ്യമായ കസേരകളും, അസോസിയേഷൻ അംഗം നടുവളപ്പിൽ ശ്രീധരൻ സ്പോൺസർ ചെയ്ത ബ്ലഡ് പ്രഷർ മോണിറ്റർ, ഗ്ലൂക്കോമീറ്റർ തുടങ്ങിയ മെഡിക്കൽ ഉപകരണങ്ങളും കൊരുമ്പിശ്ശേരി റെസിഡന്റ്സ് അസോസിയേഷൻ സംഭാവനയായി നൽകി.

വെൽനസ് സെന്റർ അങ്കണത്തിൽ ചേർന്ന ചടങ്ങിൽ വെച്ച് വാർഡ് കൗൺസിലർ അമ്പിളി ജയൻ, അസോസിയേഷൻ പ്രസിഡണ്ട് ടി എം രാംദാസ് എന്നിവരിൽ നിന്ന് ഡോ ദേവിക സാധനങ്ങൾ ഏറ്റുവാങ്ങി.ബിന്ദു ജിനൻ സ്വാഗതവും, രാജീവ് മുല്ലപ്പിള്ളി നന്ദിയും പറഞ്ഞു.

ഹേമചന്ദ്രൻ, പോളി മാന്ത്ര, കാക്കര സുകുമാരൻ നായർ, എ സി സുരേഷ്, വനജ രാമചന്ദ്രൻ, ജ്യോതി, വിജയരാഘവൻ, സംഗീത കുട്ടാല തുടങ്ങിയവർ പങ്കെടുത്തു.

പിക്കപ്പും ബൈക്കും കൂട്ടിയിടിച്ച് യുവാവിന് പരിക്ക്

കേച്ചേരി: ചൂണ്ടൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ബ്രാഞ്ചിന് സമീപം പിക്കപ്പും, ബൈക്കും കൂട്ടിയിടിച്ച് പാവറട്ടി കാക്കശ്ശേരി സ്വദേശി കാക്കശ്ശേരി വീട്ടിൽ റാഫേൽ മകൻ മൈക്കിൾ ആന്റണി(30) ക്ക് പരിക്കേറ്റു. ആന്റണിയെ കേച്ചേരി അഇഠ പ്രവർത്തകർ യൂണിറ്റി ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഭക്തി നിർഭരമായ പ്രാർത്ഥനകളോടെ ബാ ഊത്ത സമാപിച്ചു

പട്ടിക്കാട്: ഭക്തി നിർഭരമായ പ്രാർത്ഥന ശുശ്രൂഷകളോടെ മാർ തോമ ശ്ലീഹ പള്ളിയിലെ ബാ ഊത്ത (മുന്ന് നോയമ്പ്) സമാപിച്ചു. ഉപവസിച് പ്രാർത്ഥനാനിരദ്രരായി അനുഗ്രഹ പ്രാപ്തിക്ക്യായി നിരവധി വിശ്വസികൾ പങ്കെടുത്തു. നേർച്ച കഞ്ഞി കഴിച്ചാണ് ഉപവാസം അവസാനിപ്പിച്ചത്. റവ.ഡേവിസ് കുറ്റിക്കാടൻ, റവ.സിറിൽ ആന്റണി, റവ.നിപുൻ അറക്കൽ എന്നിവർ നേതൃത്വം നൽകി. വ്യാഴാഴ്ചയിലെ സോസ്ത്ര വിശുദ്ധ കുർബാനക്ക് ശേഷം നടത്തിയ സ്നേഹവിരുന്നോടെ മുന്ന് നോയമ്പ് സമാപിച്ചു.

ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷനോടുള്ള അവഗണന: കേരള കോൺഗ്രസ് സമരത്തിലേക്ക്

ഇരിങ്ങാലക്കുട: റെയിൽവേ സ്റ്റേഷനോടുള്ള അവഗണയിൽ പ്രതിഷേധിച്ച് കേരള കോൺഗ്രസ് ആളൂർ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ സമര പരമ്പര നടത്താൻ മണ്ഡലം നേതൃയോഗം തീരുമാനിച്ചു. ചൊവ്വാഴ്ച്ച ആദ്യ സമരം നടക്കും. നൂറു വർഷത്തിലധികം പഴക്കമുള്ള കേരളത്തിലെ പ്രധാന റെയിൽവേ സ്റ്റേഷനാണിത്. യാത്രക്കാരുടെ എണ്ണത്തിലും വരുമാനത്തിലും സ്റ്റേഷൻ മുന്നിൽ തന്നെയായിരുന്നു. എന്നിട്ടും പുതിയ സ്റ്റോപ്പുകൾ അനുവദിച്ചില്ല എന്ന് മാത്രമല്ല നിലവിലുണ്ടായിരുന്ന മിക്ക സ്റ്റോപ്പുകളും നിർത്തലാക്കി. അമൃത് പദ്ധതിയിൽ ഉൾപെടുത്താമെന്ന വാഗ്ദാനവും പാലിക്കപ്പെട്ടില്ല. കേന്ദ്ര സർക്കാരും റെയിൽവേയും കാണിക്കുന്ന അവഗണന അവസാനിപ്പിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. ഡെപ്യൂട്ടി ചെയർമാൻ തോമസ് ഉണ്ണിയാടൻ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് ഡെന്നീസ് കണ്ണംകുന്നി അധ്യക്ഷത വഹിച്ചു.

സംസ്ഥാന ജനറൽ സെക്രട്ടറി മിനി മോഹൻദാസ്, നിയോജക മണ്ഡലം പ്രസിഡന്റ് റോക്കി ആളൂക്കാരൻ, വൈസ് പ്രസിഡന്റ് ജോസ് അരിക്കാട്ട്, മണ്ഡലം ഭാരവാഹികളായ എൻ.കെ.കൊച്ചുവാറു,ജോബി മംഗലൻ, ജോജോ മാടവന, ഷോളി അരിക്കാട്ട്, നൈജു ജോസഫ്, ബാബു വർഗീസ് വടക്കേപീടിക, ഷീല ഡേവിസ് ആളൂക്കാരൻ, നെൽസൻ മാവേലി എന്നിവർ പ്രസംഗിച്ചു.

എടതിരിഞ്ഞി ശ്രീ ശിവകുമാരേശ്വര ക്ഷേത്രത്തിലെ തിരുവുൽസവത്തിന് നാളെ കൊടിയേറ്റും

ഇരിങ്ങാലക്കുട : എടതിരിഞ്ഞി ശ്രീ ശിവകുമാരേശ്വര ക്ഷേത്രത്തിലെ തിരുവുൽസവം ഫെ. 14 മുതൽ 21 വരെ ആഘോഷിക്കും. 14ന് രാത്രി 8 നും 8.30 നും മധ്യേ ക്ഷേത്രം തന്ത്രി സ്വയംഭൂ പെരിങ്ങോത്ര ഉൽസവത്തിന് കൊടിയേറ്റുമെന്ന് സമാജം ഭരണ സമിതി പ്രസിഡണ്ട് എടച്ചാലി പീതാംബരൻ, സെക്രട്ടറി മുരളി മണക്കാട്ടുപടി എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു. ക്ഷേത്ര ചടങ്ങുകൾ, കൊടിപ്പുറത്ത് വിളക്ക്, നാടകം, തിരുവുൽവ ദിനമായ 20 ന് രാവിലെ 8.30 ന് എഴുന്നള്ളിപ്പ്, 11.50 മുതൽ 2.10 വരെ കാവടി വരവ്, 3 മണി മുതൽ പ്രാദേശിക പൂരം വരവ്, 5 മുതൽ, രാത്രി 12.35 മുതൽ ഭസ്മ കാവടി വരവ്, 21 ന് രാവിലെ 8 ന് ആറാട്ട് എഴുന്നള്ളിപ്പ് എന്നിവയാണ് പ്രധാന പരിപാടികൾ. വൈസ് പ്രസിഡന്റ് മനോജ് മുക്കുപറമ്പിൽ, ജോയിന്റ് സെക്രട്ടറി കെ ആർ ഉദയകുമാർ, ഭരണ സമിതി അംഗം ഗോപാലകൃഷ്ണൻ അണക്കത്തിപറമ്പിൽ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

മുക്കുപണ്ട പണയ കേസിൽ പുതിയകാവ് സ്വദേശി പോലീസ് പിടിയിൽ

കൊടുങ്ങല്ലൂർ: മതിലകം പോലീസ് സ്റ്റേഷൻ പരിധിയിൽ പുന്നക്കുരു ബസാറിൽ ഉള്ള പാപ്പിനിവട്ടം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ പണ്ടം പണയം വെക്കുവാൻ വ്യാജ സ്വർണമായ രണ്ട് വളകൾ കൊണ്ടുവന്ന് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ പണയം വച്ച് 88,000/ രൂപ വാങ്ങി ബാങ്കിനെ തട്ടിപ്പ് നടത്തിയ കാര്യത്തിന് പുതിയകാവ് സ്വദേശി പുഴങ്കരയില്ലത്ത് വീട്ടിൽ സിദ്ധീഖ് (54 വയസ്സ്) നെ മതിലകം പോലീസ് അറസ്റ്റ് ചെയ്തു. ഇക്കഴിഞ്ഞ ഫെ. 12-ാം തിയ്യതിയാണ് സിദ്ദിഖ് ഓരോ പവൻ വീതമുള്ള 2 മുക്കുപണ്ട വളകൾ ബാങ്കിൽ പണയം വച്ച് 88,000/ രൂപ വാങ്ങിയത്. പണയം വച്ച വളകളെക്കുറിച്ച് സംശയം തോന്നിയ ഉദ്യോഗസ്ഥർ വളകൾ പരിശോധിച്ചപ്പോൾ ആണ് ഇത് മുക്കു പണ്ടം ആണെന്ന് അറിയുകയും ഇക്കാര്യം പോലിസ് സ്റ്റേഷനിൽ അറിയിക്കുകയും സിദ്ദിഖിനെ മതിലകം പോലിസ് അറസ്റ്റ് ചെയ്യുകയും ചെയ്തത്.

സമാന രീതിയിൽ മറ്റ് ബാങ്കുകളിൽ പ്രതി മുക്കുപണ്ടങ്ങൾ പണയത്തിൽ വെച്ചിട്ടുണ്ടോ എന്ന കാര്യം അന്വേഷിച്ച് വരികയാണ്. മതിലകം ഇൻസ്പെക്ടർ എസ്.എച്ച്,ഒ. എം.കെ.ഷാജിയുടെ നേതൃത്വത്തിൽ SI രമ്യ കാർത്തികേയൻ, ASI വിനയൻ എന്നിവർ ചേർന്ന സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

കോടതി പരസ്യം

ബഹു. കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ

OS: 471/2024

കൊടുങ്ങല്ലൂർ താലൂക്ക് എറിയാട് വില്ലേജ് മാടവന ദേശത്ത് സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്ന ഗുരുദേവ മരണാനന്തര ധന സഹായ സംഘം

-വാദി

കൊടുങ്ങല്ലൂർ താലൂക്ക് എടവിലങ്ങ് വില്ലേജ് കാരദേശത്ത് ഐനിക്കൽ അബ്ദുൾഖാദർ മകൻ നൗഷാദ്

-3-ാം പ്രതി

വാഗ്ദത്തപത്ര പ്രകാരം വരേണ്ടും സംഖ്യക്കും പലിശക്കും മറ്റുമായി ബോധിപ്പിച്ച മേൽ നമ്പർ അന്യായത്തിലെ 3-ാം പ്രതിക്കുള്ള സമൻസ് കോർട്ടിലും വാസസ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ച് ഉത്തരവവായി മേൽ നമ്പർ കേസ് **21-03-2025** തിയ്യതി വിചാരണക്ക് വെച്ചിട്ടുള്ളതും, മേൽ കാര്യത്തിൽ എന്തെങ്കിലും തർക്കങ്ങൾ ഉണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് മേപ്പടി കോടതി മുമ്പാകെ നേരിട്ടോ അഡ്വക്കെറ്റ് മുഖേനയോ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ തന്നെ മേൽ നമ്പർ കേസ് തീർപ്പാക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 05-02-2025

വാദിഭാഗം അഡ്വക്കെറ്റ്

രമ്യ പി. (ഒപ്പ്)

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട കുടുംബകോടതി മുമ്പാകെ

OP: 440/2024

മനീഷ എന്ന നിഷ കെ ബി

-ഹരജിക്കാരി

ഗിരീഷ് ടി ആർ.52 വയസ്, കുലിപ്പണി, S/o. രാമദേവൻ, തറപുറത്ത് വീട്, പെരിഞ്ഞനം പി ഒ., പിൻ-680686. ഓണപ്പറമ്പ് ദേശം, വലിയ പറമ്പിൽ ക്ഷേത്രം, പെരിഞ്ഞനം വില്ലേജ്, കൊടുങ്ങല്ലൂർ താലൂക്ക്

-എതൃകക്ഷി

ഹരജിക്കാരി നിങ്ങൾക്കെതിരെ ഈ കോടതി മുമ്പാകെ മേൽ നമ്പറിൽ ഹരജി സമർപ്പിച്ചിരിക്കുന്നു. ആയതിന് മറുപടി ബോധിപ്പിക്കുന്നതിനായി 2025 മാർച്ച് 3-ാം തിയ്യതി കാലത്ത് 11 മണിക്ക് ബഹു ഇരിങ്ങാലക്കുട കുടുംബകോടതി മുമ്പാകെ താങ്കൾ നേരിട്ട് ഹാജരാവുകയോ അല്ലെങ്കിൽ താങ്കളുടെ അഡ്വക്കെറ്റ് മുഖാന്തിരം ഹാജരാവുകയോ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം നിങ്ങളുടെ തർക്കത്തെ നിരാകരിക്കുവാനും നിങ്ങളെ കേൾക്കാതെ ഹരജിയിലെ വാദങ്ങൾ അംഗീകരിച്ചും ഹരജി വിചാരണ ചെയ്ത് തീർച്ചയാക്കുന്നതുമാകുന്നു.

എന്ന്, 17-01-2025

ഹരജിഭാഗം അഡ്വക്കെറ്റ്

അഖിലൻ പി ബി (ഒപ്പ്)